മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. രാജു എബ്രഹാം ഒരു അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് എഴുതിത്തന്ന് ഉന്നയിച്ചതാണ്. വ്യക്തിപരമായി എനിക്ക് എതിരായിട്ടല്ലായെന്ന് അദ്ദേഹം പറഞ്ഞു. അതിന് പ്രത്യേകം നന്ദിയു ണ്ട്. 15 കോടി രൂപയുടെ അഴിമതി ഇതിനോടകം പുറത്തുവന്നിരിക്കുന്നുവെ ന്നാണ് പറഞ്ഞിരിക്കുന്നത്. കുട്ടനാട് പ്രദേശത്തെ പോള വാരുന്നതുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഫിർമയാണ് ഈ പദ്ധതി നടപ്പാ ക്കുന്നത്. 15 കോടി രൂപയുടെ അഴിമതിയാണ് ഇപ്പോൾ പുറത്തുവന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചത്. യന്ത്രം ഉപയോഗിച്ചുള്ള പോളവാരലിന് 15 കോടി രൂപയാണ്. കുട്ടനാട് പാക്കേജിന്റെ ഭാഗമായി 21.29 കോടി രൂപയുടെ 11 കമ്പോണന്റ്സുള്ള ഒരു പദ്ധതിയാണ്, ഇത്. ഞാൻ എല്ലാം വായിക്കുന്നില്ല. ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, സ്ഥലനിർണ്ണയം, പരിശീലനം തുടങ്ങി 11 കാര്യങ്ങളാണ് ഇതിലുള്ളത്. ഈ സ്കീം അനുസരിച്ച് പോളവാരലിന് ആകെ 15 കോടി രൂപയാണുള്ളത്. 15 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് ശ്രീ. രാജു എബ്രഹാം പറയുന്നത്. അന്നത്തെ മന്ത്രി ശ്രീ. എസ്. ശർമ്മ ഇവിടെയുണ്ട്. അദ്ദേഹത്തിന് വേണമെങ്കിൽ തിരുത്താവുന്നതാണ്. ആവശ്യമുണ്ടെങ്കിൽ ഞാൻ വഴങ്ങിത്തരാം.

മി. സ്പീക്കർ: അത് വേണ്ട.

ശ്രീ. കെ. ബാബു: സർ, ക്ലാരിഫിക്കേഷനുവേണ്ടിയാണ്. weed removal പ്രവൃത്തിക്കായി 20-04-2010-ാം തീയതിയിലെ ഫിർമ 38/2010 നോട്ടീസ് പ്രകാരം പോളവാരൽ ടെൻഡർ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഫാബ് ഓർണമെന്റൽ ഫിഷ് ഫാമിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടെൻഡർ നൽകി. ഈ ടെൻഡർ നൽകിയത് ഈ ഗവൺമെന്റിന്റെ കാലത്തല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ഡിപ്പാർട്ട്മെന്റിൽ അന്വേഷിച്ചപ്പോൾ, ഈ ടെൻഡറിനെക്കുറിച്ച് ഞാൻ മനസ്സി ലാക്കിയത്, ഫാബ് ഓർണമെന്റൽ ഫിഷ് ഫാമിംഗ് എന്ന സ്ഥാപനത്തിന് കരാർ ഒപ്പിട്ടു. കരാർ ഒപ്പിട്ടിരിക്കുന്നത് ഈ ഫേമിന്റെ പേരിലല്ല. ടെൻഡർ കൊടുത്തത് ഈ ഫേമിനാണ്. സർക്കാരിന് നൽകേണ്ട ടാക്സ് വെട്ടിക്കപ്പെട്ടി രിക്കുന്നു. കാരണം ഇതുകൂടാതെ ലഭിച്ചിരുന്ന മൂന്ന് ടെൻഡറുകളിൽ രണ്ടെണ്ണം സാങ്കേതിക കാരണം പറഞ്ഞ് പൊട്ടിക്കുകപോലും ചെയ്യാതെ യാണ് ഫാബിന് വർക്ക് അവാർഡ് ചെയ്തത്. അത് 2010-ലാണ്. മൂന്ന് ടെൻഡറുകളുണ്ടായിരുന്നു. അതിൽ രണ്ട് ടെൻഡറുകൾ പൊട്ടിക്കുകപോലും ചെയ്യാതെ ഫാബിന് കരാർ കൊടുത്തു. ആ കരാർ പ്രകാരം ഒരു ക്യുബിക് മീറ്റർ പോള വാരുന്നതിന് 485 രൂപ എന്ന നിരക്കിലാണ് ജോലി നിർവ്വഹിച്ചിരു ന്നത്. 12 മാസക്കാലാവധിയിലേക്ക് പോള വാരുന്നതിന് ഈ സ്ഥാപനത്തിന് ടെൻഡർ നൽകി. ഈ ടെൻഡറിന്റെ പ്രത്യേകതയെന്നുപറയുന്നത്, പോള

വാരി കരയിൽ വയ്ക്കണം,. ഒരു ക്യൂബിക് മീറ്റർ പോള വാരുന്നതിന് 485 രൂപ. ഇതാണ് കരാർ. എന്നാൽ ഞങ്ങൾ ഇപ്പോൾ കൊടുക്കാൻ തീരുമാനിച്ച കരാറനുസരിച്ച് മൊത്തം കുട്ടനാട് പ്രദേശത്തെ പോള അളന്ന് തിട്ടപ്പെടുത്തും. പോളയുടെ അളവിലുണ്ടാകുന്ന ബയോമാസ് കുറവ് വിലയിരുത്തി അതിനുമാത്രമേ കോൺട്രാക്ടർക്ക് തുക നൽകുകയുള്ളൂ. നേരത്തെയുള്ള ഈ കരാർ അനുസരിച്ച് കരയിൽ വാരിവെച്ച പോള എത്ര പ്രാവശ്യം വേണമെങ്കിലും അളക്കാം. പുഴയിലേക്ക് തിരിച്ചുംവരാം. ഈ ഫയൽ ഫിഷറീസ് സെക്രട്ടറിക്ക് വന്നു. അഴിമതിരഹിതമായ പദ്ധതി നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ സർക്കാർ/സർക്കാരിതര ഏജൻസികളെ ഉപയോഗിച്ചുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. മേൽപ്പറഞ്ഞ രീതിയിൽ പുതിയ ടെൻഡർ സ്വിസ് ചലഞ്ച് രീതിയിൽ ക്ഷണിക്കാമോ; ഉത്തരവിനായി..... ഇദ്ദേഹം ഇത് 12-10-2012-ൽ ചീഫ് സെക്രട്ടറിക്ക് അയച്ചു. നിർദ്ദേശാനുസരണം അംഗീകരിക്കാമെന്ന് ചീഫ് സെക്രട്ടറി എഴുതി. 2010-ലെ ടെൻഡർ അനുസരിച്ചുള്ള സമ്പ്രദായം തൃപ്തികരമല്ലെന്ന് ചീഫ് സെക്രട്ടറി രേഖപ്പെടുത്തി. വർക്ക് അടിയന്തരമായി റീ-ടെൻഡർ ചെയ്യണമെന്ന് 07-11-2012-ൽ ഈ ഫയൽ എന്റെ അടുത്തുവന്നപ്പോൾ ഞാൻ എഴുതി. ഇത് സുതാര്യമല്ലായെന്ന് സെക്രട്ടറി ശുപാർശ ചെയ്തു. ചീഫ് സെക്രട്ടറി ഒട്ടും തൃപ്തികരമല്ലായെന്ന് എഴുതി. എന്റെയടുത്തുവന്നപ്പോൾ അടിയന്തരമായി റീ-ടെൻഡർ ചെയ്യണമെന്നും പറഞ്ഞു. ഇതിനിടയിൽ ശ്രീ. കെ. സുരേഷ്

കുറുപ്പിന്റെ ഒരു സബ്മിഷൻ നിയമസഭയിലുണ്ടായി. അത് 20-12-2012-ലാണ്. പദ്ധതി നടത്തിപ്പിലെ സുതാര്യതക്കുറവ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് 20-12-2012-ലെ ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ സബ്മിഷന് ഫയൽ അയച്ചപ്പോൾ എഴുതി, ഇപ്പോൾ ഈ ഫയൽ അന്വേഷണത്തിനുവേണ്ടി ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന് കൊടുത്തിട്ടുണ്ട്. 15 കോടി രൂപയുടെ അഴിമതിയാണല്ലോ ഡിപ്പാർട്ട്മെന്റ് നടത്തിയെന്നുപറയുന്നത്. 6.84 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ് പേമെന്റ് നടത്തിയത്. ഈ ഗവൺമെന്റ് അല്ല. അന്നത്തെ കരാർ അനുസരിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം 2.87 കോടി രൂപ കൊടുത്തിട്ടുണ്ട്. ആ കരാർ സുതാര്യമല്ലാത്തതുകൊണ്ടാണ് ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഫയൽ അയയ്ക്കാൻ തീരുമാനിച്ചതും റീ-ടെൻഡർ ചെയ്യാൻ തീരുമാനിച്ചതും. പഴയ കരാർ അനുസരിച്ച് പോളവാരൽ പ്രവൃത്തി തുടർന്നുവന്നിരുന്നതിനാലും ടെൻഡർ എഗ്രിമെന്റിൽ വ്യക്തതയില്ലാത്തതിനാലും പോളവാരുന്ന ജോലിക്ക് നൽകി വരുന്ന തുക താരതമ്യേന ഉയർന്ന നിരക്കിലായിരുന്നതിനാലും ടെൻഡർ ഉറപ്പിച്ചതിൽ ധാരാളം സാങ്കേതിക പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടതിനാലും പ്രസ്തുത ടെൻഡർ അവസാനിപ്പിക്കുന്നതിനും പുതിയ ടെൻഡർ ക്ഷണിക്കുന്നതിനും തീരുമാനിച്ചു. ഇതിൽ എവിടെയാണ് അഴിമതി? ഈ സാഹചര്യത്തിൽ പുതിയ ടെൻഡർ ക്ഷണിച്ചു. പുതിയ ടെൻഡറിൽ ഏറ്റവും സുതാര്യ

മായ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആ വ്യവസ്ഥയിലെ കാതലായ ഭാഗം ഞാൻ നേരത്തെ പറഞ്ഞു. ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി, കുട്ടനാട് പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ, ഫൈനാൻസ് വകുപ്പിന്റെ പ്രതിനിധി, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റിയെ പ്രസ്തുത പദ്ധതി നടത്തിപ്പിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ ടെൻഡറിലെ വ്യവസ്ഥകൾ രൂപീകരിച്ചത്. യന്ത്രമുപയോഗിച്ചുള്ള പോള വാരുക, കുട്ടനാട്ടിലെ പൊതുജലാശയങ്ങളെ പൂർണ്ണമായും പോള വിമുക്തമായി നിലനിർത്തുക എന്നിവയാണ് പ്രധാന വ്യവസ്ഥകളായി ടെൻഡറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പോളയുടെ അളവിലുണ്ടാകുന്ന ബയോമാസ് കുറവ് വിലയിരുത്തി അതിനനുസരിച്ച് മാത്രമേ കോൺട്രാക്ടർക്ക് തുക നൽകുകയുള്ളൂവെന്ന കർക്കശമായ വ്യവസ്ഥ ഇപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. നേരത്തെപ്പോലെ കരയിൽ വാരിവച്ചത് അളന്ന് പൈസ കൊടുക്കലല്ല ചെയ്യുന്നത്. ഇപ്പോൾ ബയോമാസ് നോക്കി ഈ വർഷം വാരിയ പോളയുടെ അളവ് എത്രയുണ്ടെന്ന് തിട്ടപ്പെടുത്തും. അതു കഴിഞ്ഞ് അടുത്ത വർഷവും തിട്ടപ്പെടുത്തും. അപ്പോൾ എത്ര കുറവുണ്ടോ അതിനാണ് പൈസ കൊടുക്കുന്നത്. കുട്ടനാട്ടിലെ പൊതുജലാശയങ്ങളിലെ പോള 100 ശതമാനം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഏറ്റവും കുറവ് ക്വാട്ട് ചെയ്തിരിക്കുന്നത് ബോംബെ ജെ.സി.ബി. എർത്ത് മൂവേഴ്സ് എന്ന സ്ഥാപന

മാണ്. ഈ സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത് 7.66 കോടി രൂപയാണ്. ഇത് ടോട്ടലായി കുട്ടനാട്ടിലെ പോളവാരുന്നതിനാണ്. അല്ലാതെ അളന്ന് തിട്ടപ്പെടുത്തുന്നതിനല്ല. ഈ ടെൻഡർ 16-01-2013-ലെ ജി.ഒ.ആർ.ടി. നമ്പർ 27/2013 എഫ്. & പി.ഡി. എന്ന ഉത്തരവുപ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി.

ഇതിന്റെ ഒരു പ്രത്യേകത മനസ്സിലാക്കണം. ഒരു ക്യൂബിക് മീറ്റർ പോള വാരുന്നതിന് 220 രൂപ ടാക്സിനുപുറമേയാണ് സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത്. മുൻടെണ്ടറിൽ ഒരു ക്യൂബിക് മീറ്ററിന് 485 രൂപ കൊടുത്തതാണ് ഇപ്പോൾ പുതിയ ടെണ്ടർ വിളിച്ചപ്പോൾ 220 രൂപയായത്. അപ്പോൾ ആരാണ് അഴിമതി നടത്തിയത്; മുൻ ടെണ്ടറിൽ നൽകിവന്നിരുന്ന തുകയുടെ ഉദ്ദേശം 45 ശതമാനം മാത്രമാണ് പുതിയ ടെണ്ടറിലുള്ളത്. എന്നാലും ക്യൂബിക് മീറ്ററിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുന്നില്ല. പകരം പോളയുടെ ബയോമാസിലുള്ള കുറവിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിക്കുന്നത്. നൂറുശതമാനം പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് 7.66 കോടി രൂപയാണ് പുതിയ ടെണ്ടറിൽ ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് പ്രായോഗികമല്ലെങ്കിൽ വർഷാവസാനമുള്ള പോളയുടെ ബയോമാസ് എത്രയെന്ന് കണക്കാക്കി അതനുസരിച്ച് തുക നൽകിയാൽ മതിയാകും. ഉദാഹരണത്തിന് പോളയിൽ അമ്പത് ശതമാനം കുറവ് വന്നെങ്കിൽ അമ്പത് ശതമാനം തുക നൽകിയാൽ മതി. നൂറുശതമാനമുണ്ടെങ്കിൽ നൂറുശതമാന

ത്തിന്റെ തുക, ഇരുപത്തിയഞ്ച് ശതമാനമാണെങ്കിൽ ഇരുപത്തിയഞ്ച് ശതമാനം തുക – ഇതാണ് പുതിയ കരാർ. ഈ കരാറുകാരനുമായി ടെൻഡറോടുകൂടിയ പ്രാഥമിക കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡറും നൽകിയിട്ടുണ്ട്. വിശദമായ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുമുമ്പായി കുട്ടനാട് പ്രദേശത്തെ പൊതുജലാശയങ്ങളുടെ മാപ്പ് തയ്യാറാക്കേണ്ടതും പോളയുടെ ബയോമാസ് നിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനായി കേരള തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി മേൽപ്രവൃത്തി വളരെ വേഗത്തിൽ നിർവ്വഹിച്ചുവരുന്നുണ്ട്. മാപ്പ് ലഭ്യമായാൽ മാത്രമേ അന്തിമ ഉടമ്പടി ഒപ്പിടാൻ സാധിക്കുകയുള്ളൂ. എന്നാൽ കുട്ടനാട് പ്രദേശത്തെ ജലാശയങ്ങളിൽ പോള നിറഞ്ഞതുമായി ബന്ധപ്പെട്ട് ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ പോളവാരൽ ജോലി കോട്ടയം ജില്ലയിലെ തിരുവാർപ്പിലും ആലപ്പുഴ ജില്ലയിലെ രാമങ്കരിയിലും ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിലുള്ള പോളവാരൽ ജോലിയുടെ കാര്യക്ഷമത കൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി അന്തിമകരാർ ഒപ്പിടുന്നതാണ്. ഈ സാഹചര്യത്തിൽ 15 കോടി രൂപയുടെ അഴിമതി നടന്നു എന്ന വാദം അംഗീകരിക്കാനാവില്ല, അത് അടിസ്ഥാനരഹിതമാണ്. കേട്ടിരുന്നവർക്ക് മനസ്സിലാകും, ഇപ്പോൾ ഞങ്ങൾ കൊണ്ടുവന്നത് എത്രയോ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ്. ഇത് വളരെ സുതാര്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ പുതിയ ടെണ്ടർ

ക്ഷണിച്ചതിനെതിരെ പഴയ കരാറുകാരൻ ബഹുമാനപ്പെട്ട കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസ്സിൽ കരാറുകാരന്റെ വാദം തള്ളിക്കളയുകയു ണ്ടായി. പ്രസ്തുത വിധിക്കെതിരെ ടിയാൻ അപ്പീൽ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ഡിവിഷൻ ബെഞ്ച് കേസ് വിശദമായി പരിശോധിക്കുകയും റെസ്പോണ്ടന്റിന് ചെലവുസഹിതം നൽകുന്നതിനായി വിധിക്കുകയുമുണ്ടായി. റെസ്പോണ്ടന്റ് എന്നുപറയുന്നത് ഗവൺമെന്റാണ്. ചെലവുസഹിതം തള്ളിയ ഒരു കേസ്സാണ് ശ്രീ. രാജു എബ്രഹാം ഇവിടെ വാദിക്കാൻ കൊണ്ടുവന്നത്. ഇത് ആർക്കുവേണ്ടിയാണ്? എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. പൊതുപ്രവർത്തനത്തിൽ ഞങ്ങൾക്ക് വലിയ പാരമ്പര്യമൊന്നുമില്ല. എന്നാലും ഉള്ള പാരമ്പര്യം വളരെ സുതാര്യവും സത്യ സന്ധമായതുമാണ്. ശ്രീ. രാജു എബ്രഹാം അഴിമതി ആരോപണം സംബന്ധിച്ച് ഇവിടെ ഒരു കടലാസ് എഴുതിത്തന്നു. ഒരു തുണ്ട് കടലാസാണ്. (കടസാസ് ഉയർത്തിക്കാണിച്ചു.) ഇതെന്താണ്? ഈ തുണ്ട് കടലാസ് എഴുതി ത്തന്നുകൊണ്ട് ഒരു ഉത്തരവാദിത്തവുമില്ലാതെ, സപ്പോർട്ടിംഗായ ഒരു രേഖയുമില്ലാതെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെയാണ് അദ്ദേഹം ഉന്നം വച്ചത്. അതിന്റെ കാരണം എനിക്ക് മനസ്സിലായി. ഡയറക്ടറുമായി അദ്ദേഹം കാലത്ത് സംസാരിച്ചപ്പോൾ കാര്യം മനസ്സിലായതുകൊണ്ട് എന്നെ ഒഴിവാക്കി. പക്ഷേ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥൻമാരെ കരിതേച്ചു കാണിക്കാനുള്ള ഈ ശ്രമം അങ്ങേയറ്റം പ്രതിഷേധാർഹമാണ്, അപലപനീയമാണ്. നിയമസഭ യിൽ ചട്ടങ്ങൾക്ക് വിധേയമായി നമുക്ക് എന്തും പറയാനുള്ള

പ്രൊട്ടക്ഷനുണ്ട്. ചട്ടം 255 പ്രകാരമാണ് ഇത് എഴുതിത്തന്നത്. ഞാൻ മറുപടി പറയുന്നത് രണ്ടാമതാണ്, അതിനുമുമ്പുതന്നെ മാധ്യമങ്ങളിൽ സ്ക്രോളിംഗ് തുടങ്ങി. ഈ രീതി ഒന്ന് പുന:പരിശോധിക്കണം. ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ശ്രീ. രാജു എബ്രഹാം ഫിർമയിലെ ഡയറക്ടറുമായി രാവിലെ സംസാരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം എനിക്കെതിരെ ആരോപണം ഉന്നയിക്കാതിരുന്നത്. ദൈവമാണ് രാജു എബ്രഹാമിനെക്കൊണ്ട് ഇതുന്നയിപ്പിച്ചത്. കാരണം എനിക്ക് സത്യം പറയാനുള്ള അവസരം കിട്ടി.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഒരു കാര്യം....

<u>മി. സ്പീക്കർ</u>: യെസ്... അത്രയേയുള്ളൂ. അങ്ങോട്ടുമിങ്ങോട്ടും വാദമൊന്നുമില്ല. പെട്ടെന്ന് പറയണം.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഒരു കാര്യമേയുള്ളൂ. അതായാത് ഇവിടെ എവിടെയാണ് അഴിമതി എന്നാണ് അങ്ങ് ചോദിച്ചത്. ഇവിടെത്തെ പ്രധാനപ്പെട്ട പ്രശ്നം, രണ്ട് വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് ഈ പോള വാരണമെന്നാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ. ഇൻഡ്യയിൽ ഇത്തരത്തിൽ പത്ത് മെഷീനുകളെയുള്ളൂ. രണ്ട് മെഷീൻ ബോംബേ കമ്പനിക്കുണ്ട് എന്നാണ് അവർ ഈ രേഖയ്ക്കകത്ത് ക്വാട്ട് ചെയ്തിരിക്കുന്നത്. പക്ഷേ ഇവർ ഇപ്പോൾ വാരുന്നത് കേവലം ഒരു ജെ.സി.ബി. ഉപയോഗിച്ചാണ്. വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് പോള വാരുമ്പോൾ ഒരു ക്യൂബിക് മീറ്ററിന് 220 രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ജെ.സി.ബി.

ഉപയോഗിച്ച് വാരുമ്പോൾ ഇതിന്റെ ചെലവ് ഒരു ക്യൂബിക് മീറ്ററിന് ആകെ 20 രൂപ മാത്രമാണ്. ഇവിടെയാണ് പ്രശ്നം. ഇതാണ് അഴിമതി എന്ന് ചൂണ്ടിക്കാട്ടിയത്.

മി. സ്പീക്കർ: ഇത് അങ്ങ് നേരത്തെ പറഞ്ഞതാണ്. പക്ഷേ അങ്ങ് എഴുന്നേറ്റതുകൊണ്ട് ഒന്നുകൂടി സമ്മതിച്ചതാണ്. യെസ്....

ശ്രീ. കെ. ബാബു: സർ, ഞാൻ ആദ്യംതന്നെ പറഞ്ഞു. ഇപ്പോൾ പൈലറ്റടിസ്ഥാനത്തിലാണ് പോളവാരൽ നടന്നുകൊണ്ടിരിക്കുന്നത്. ഒന്നാമത്തെ കാര്യം അന്തിമമായിട്ടുള്ള കരാർ ഒപ്പിട്ടിട്ടില്ല. രണ്ടാമത്തെ കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഒരു ക്യൂബിക് മീറ്ററിന് 485 രൂപ, ഞാൻ പറഞ്ഞല്ലോ, മൂന്നു പേർ ക്വാട്ട് ചെയ്തു. രണ്ടു പേരുടെ കവർപോലും പൊട്ടിക്കാതെ തള്ളിക്കളഞ്ഞു. അവർക്ക് മെഷീനറിയില്ലെന്നാണ് അന്ന് പറഞ്ഞത്. എന്നിട്ട് എട്ടുമാസം കഴിഞ്ഞാണ് പോളവാരൽ തുടങ്ങിയത്. മെഷീനറി അവർക്കുമുണ്ടായിരുന്നില്ല. പോള വാരുന്ന പ്രദേശത്ത് കടകൽ എന്നു പറയുന്ന ഒരു തരം പായലാണ് ഇപ്പോഴുള്ളത്. അത് ജെ.സി.ബി. ഉപയോഗിച്ചുമാത്രമേ മാറ്റാൻ സാധിക്കൂ. ശ്രീ. രാജു എബ്രഹാം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതുകൂടി നോക്കിമാത്രമേ ഫൈനൽ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയുള്ളൂ. ഞാൻ പറഞ്ഞതിൽനിന്ന് കാര്യം അദ്ദേഹത്തിന് മനസ്സിലായല്ലോ. ശ്രീ. രാജു എബ്രഹാം ഉന്നം വയ്ക്കുന്നത് എന്നെയാണോ മുമ്പിലിരിക്കുന്ന ആളെയാണോ എന്ന് എനിക്കൊരു സംശയമുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, വേറൊന്നുമല്ല, ഒരു ക്ലാരിഫിക്കേഷനുവേണ്ടി മാത്രമാണ്. സ്വാമിനാഥൻ കമ്മീഷൻ കുട്ടനാട്ടിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി തയ്യാറായ സന്ദർഭത്തിൽ ഫിർമയാണ് ഫിഷറീസ് വകുപ്പിനുവേണ്ടി ഒരു പ്രോജക്ട് പ്രൊപ്പോസൽ വച്ചത്. അത് വയ്ക്കാൻ ഒരു കാരണമുണ്ടായിരുന്നു. പോള വന്ന് തിങ്ങിനിറഞ്ഞതിനെത്തുടർന്ന് കൃഷി യേയും മത്സ്യസമ്പത്തിനെയും ദോഷകരമായി ബാധിക്കുന്നുവെന്ന് കണക്കാക്കി അത് മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് വേണമെന്നുള്ള നിലയ്ക്കാണ് അത് സബ്മിറ്റ് ചെയ്തത്. സ്വാമിനാഥൻ കമ്മീഷൻ അത് അംഗീകരിച്ചു. ഏകദേശം 21 കോടി രൂപയോളം ആ പ്രോജക്ടിൽ എഗ്രീ ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് വൈക്കത്ത് ഒരു സെമിനാറിൽ ശാസ്ത്രജ്ഞൻമാർ, സബ്ജക്ട് എക്സ്പെർട്ടുകൾ, അതുപോലെ കോട്ടപ്പുറം ലത്തീൻ കത്തോലിക്ക രൂപത നേതൃത്വം കൊടുത്തുനടത്തുന്ന കിറ്റ്സിന്റെ ഡയറക്ടർ ഫാദർ പങ്കിയത്ത് അങ്ങനെ എല്ലാവരും കൂടിച്ചേർന്ന് ഒരു ഡിസ്ക്കഷനൊക്കെ നടത്തി ഒരു പ്രോജക്ട് നമ്മൾ അംഗീകരിച്ചു. വാഴനാര് കൊണ്ടുണ്ടാക്കിയ വാല്യൂ ആഡഡ് ആയ ഉല്പന്നങ്ങൾ എക്പോർട്ട് ചെയ്യുന്ന കിറ്റ്സ് ഇൻഡ്യയിൽ മോഡലായി പ്രവർത്തിക്കുന്ന ഒരു സ്ഥാപന മാണ്. പോള വാരുന്നതുകൂടാതെ ഇതൊരു വേസ്റ്റാണ്, പക്ഷേ അതൊരു അസെറ്റാക്കി മാറ്റുന്നതിനുള്ള ടെക്നോളജികൂടി കണക്കാക്കിക്കൊണ്ട് അത് പ്രയോജനപ്പെടുത്താൻവേണ്ടി കിറ്റ്സിന്റെ ഡയറക്ടറുമായി ചർച്ച നടത്തി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗൊക്കെ അന്ന് നടത്തിയിരു

ന്നു. അതിനുശേഷം അതിന്റെ ടെണ്ടർ നടന്നു. ടെണ്ടർ ഈ പോള വാരുന്നതിനെ സംബന്ധിച്ചാണ്. അതിന്റെ ടെണ്ടർ പ്രൊസീഡിംഗ്സൊന്നും ഞാൻ ഓർക്കുന്നില്ല, ടെണ്ടർ നടന്നതായി ഓർക്കുന്നുണ്ട്. പക്ഷേ, ഒരു കാര്യം ഞാൻ എടുത്തുചോദിച്ചിരുന്നു. ഇവർ ഇതുവാരി കരയിലിട്ടാൽ ഉറപ്പായും ഡിസ്പോസ് ചെയ്യുന്നതിനുള്ള സിസ്റ്റമെന്താണ്, വാരാതെ വാരി എന്നു പറഞ്ഞാൽ പണം പോകില്ലേയെന്ന് ചോദിച്ചിരുന്നു. ഡിസ്ക്കഷൻ നടന്ന ഒരു സ്റ്റേജിൽ ഞാൻ ഒഫിഷ്യൽസിനോട് ചോദിച്ചതാണ്. അന്ന് അതിനൊരു കണ്ടീഷൻ അവർ പറഞ്ഞത് ഞാൻ ഓർക്കുന്നു, അതായത് ഒരു ക്യൂബിക് മീറ്ററിന് 485 രൂപയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ, അത് എത്രയാണോ ടെണ്ടറനുസരിച്ച് വരുന്നത്, അത് വാരി അഞ്ചുദിവസം കരയിലിട്ടിട്ട് പഞ്ചായത്ത് പ്രസിഡന്റ് (അവിടെത്തെ വാർഡ് മെമ്പറെങ്കിലും മിനിമം) പിന്നെ പബ്ലിക്കിന്റെ പ്രതിനിധി, ഫിർമയുടെ പ്രതിനിധി, കോസ്റ്റൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധി ഇങ്ങനെയുള്ളവർ നേരിട്ട് പോള ഉണങ്ങിയെന്ന് ഉത്തമബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫൈ ചെയ്താൽമാത്രമേ ബില്ല് പേ ചെയ്യാൻ പാടുള്ളൂ എന്ന കണ്ടീഷൻ കൂടി ആഡ് ചെയ്തിട്ടുണ്ടെന്ന് അന്ന് അവർ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. രേഖകൾ മുഴുവൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ കൈയിലുണ്ട്. ഏതു തരത്തിൽ വേണമെങ്കിലും അത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതേയുള്ളൂ. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. വാരുന്നത് ഡിസ്പോസ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നത് പബ്ലിക് പാർട്ടിസിപ്പേഷനും

ലോക്കൽ ബോഡി പ്രതിനിധിക്കും ഫിർമയുടെ പ്രതിനിധിക്കും കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധിക്കും കൺവിൻസിംഗാകണമെന്നതുൾപ്പെടെ നിശ്ചയിച്ചിരുന്നതാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, ഇപ്പോൾ പറയാനുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞു. ഫിനാൻഷ്യൽ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് വരുമ്പോൾ സഭയുടെ മുമ്പിൽ വയ്ക്കുന്നതാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. രാജു എബ്രഹാം ഇത് അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ ഞാൻ സഭയിൽ ഒരു കാര്യം പറഞ്ഞിരുന്നു. അത് പൊതുവായി നമ്മളെല്ലാം അംഗീകരിക്കേണ്ട ഒരു കാര്യമാണ്. ഞാനത് ഒന്നുകൂടി വായിക്കുന്നു. A member has to be careful while making an allegation, he has to satisfy himself that the source is reliable and allegation is based on facts. In effect he is required to make prima facie investigation into the matter before he writes to the Speaker or the Minister and more so before he speaks in the House.

ഞാൻ ഒന്നുകൂടി ആ സെന്റൻസ് ആവർത്തിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) : സർ, ഇവിടെ ശ്രീ. റ്റി. വി. രാജേഷ് എഴുതിത്തന്നതും ഉന്നയിച്ചിട്ടുള്ളതുമായ എല്ലാ ആരോപണ

ങ്ങളും ഞാൻ നിഷേധിക്കുകയാണ്. ഇത് വളരെ നിർഭാഗ്യകരമാണ്. അദ്ദേഹം പറഞ്ഞതെല്ലാം കേട്ടുകേൾവിയുള്ള കാര്യങ്ങളാണ്. കഴിഞ്ഞ കാലങ്ങളിലൊക്കെ അദ്ദേഹം വായിച്ചതും കേട്ടതുമായ കുറച്ച് കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. ഇതിനകത്ത് ഏറ്റവും നിരാശാജനകമെന്നുപറയുന്നത് വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്നുപറഞ്ഞുനടക്കുന്ന ചിലരുടെ വാക്കുകൾ അത് ആരോപണമായി ഈ സഭയിൽ ഉന്നയിക്കപ്പെടുമ്പോൾ ആ ഉന്നയിക്കുന്ന ആളുതന്നെ അപഹാസ്യനാവുകയാണ്. ആർക്കും എന്തും പറഞ്ഞുകൊണ്ട് നടക്കാൻ പറ്റുന്ന ഒരു സാഹചര്യമുണ്ട്, പത്രസമ്മേളനം വിളിച്ച് എന്തും പറയാം. ഇതിനകത്ത് പൊതുവിതരണവുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രതിസന്ധികളും കാര്യങ്ങളും നിലവിലുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചു, കാലാകാലങ്ങളായി പൊതുവിതരണ ഡിപ്പാർട്ടുമെന്റിൽ കടന്നുകൂടിയിട്ടുള്ള അപാകതകളാണ്. അതിന് ശാശ്വതപരിഹാരം കണ്ടെത്തേണ്ടതുണ്ട്. അതിനായിട്ടുള്ള നടപടികളുമായി ഗവൺമെന്റ് വളരെ ശക്തമായ നിലയിൽ മുന്നോട്ടുപോകുന്നുമുണ്ട്. ഇതെല്ലാം ഈ 11 മാസം കൊണ്ട് എന്തൊക്കെയോ സംഭവിച്ചു എന്ന നിലയിലുള്ള ധ്വനി വരുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ ഒരേ വ്യക്തി കൊടുത്ത പരാതികളിന്മേൽ മൂന്ന് വിജിലൻസ് എൻക്വയറികൾ എനിക്കെതിരെ ഒരേ കോടതിയിൽ ഉത്തരവായിട്ടുണ്ട്. ഒരേ വ്യക്തി, ഒരേ കോടതിയിൽ മൂന്ന് പെറ്റീഷൻസ് കൊടുത്തു. മൂന്ന് പരാതിയി

ന്മേലും അവർ പ്രിലിമിനറി എൻക്വയറിക്ക് ഉത്തരവിട്ടുണ്ട്. ഇത് മാധ്യമങ്ങളിലൊക്കെ വളരെ പ്രാധാന്യത്തോടുകൂടിയാണ് പ്രസിദ്ധീകരിച്ചത്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ബാബു മിനിസ്റ്റർ പറഞ്ഞതുപോലെ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. അനൂപ് ജേക്കബിനെതിരെ വിജിലൻസ് എൻക്വയറി - വലിയ തലക്കെട്ടിൽ പത്രങ്ങളുടെ ഫ്രണ്ട് പേജിലും അകത്തെ പേജിലും വന്ന വാർത്തയാണ്. ഈ പെറ്റീഷൻ കൊടുക്കുന്നവരുടെ ഉദ്ദേശവും അതുതന്നെയാണ്. ഇത്തരത്തിലുള്ള വാർത്തകൾ സൃഷ്ടിച്ച് പൊതുജന മധ്യത്തിൽ എന്നെ അപഹാസ്യനാക്കുക അല്ലെങ്കിൽ അപകീർത്തിപ്പെടുത്തുക എന്ന ലക്ഷ്യമായിരിക്കും അതിന്റെ പിന്നിലുള്ളത്. ഞാൻ ഒരു പ്രസ് മീറ്റിംഗ് വിളിച്ച് അത് പറയുകയും ചെയ്തു. ഇതിന്റെ പിന്നിൽ വളരെ നിക്ഷിപ്ത താല്പര്യക്കാരുണ്ട്. .........(ബഹളം)....... വെറുതെ ബഹളം വച്ചിട്ടൊന്നും കാര്യമില്ല. .....അവിടെ ഇരിക്കൂ....(ബഹളം).....അവിടെ ഇരിക്കൂ. ....(ബഹളം)....ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറയൂ. അവിടെ ഇരിക്കൂ..... ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറയൂ. ......(ബഹളം).......

<u>മി. സ്പീക്കർ </u>: യെസ്........ യെസ്........

<u>ശ്രീ. അനൂപ് ജേക്കബ്</u> : ഞാൻ വളരെ കൃത്യമായി ഓരോ കാര്യങ്ങൾ പറയുമ്പോൾ ഇടയ്ക്ക് കയറി പറയുന്നത് ശരിയല്ല. ....(ബഹളം)...

<u>മി. സ്പീക്കർ</u> : പ്ലീസ്..... യെസ് ...പ്ലീസ്...സംസാരിച്ചോളൂ.

<u>ശ്രീ. അനൂപ് ജേക്കബ്</u> : ഇതിന്റെ പിന്നിൽ അത്തരത്തിലുള്ള ഒരുപാട് താല്പര്യങ്ങൾ ഉണ്ടെന്ന് ഞാൻ ന്യായമായി സംശയിക്കുന്നു. ഒരേ വ്യക്തി

തന്നെ ഇങ്ങനെ കേസ്സുകൾക്ക് പോകുന്നു. ഇനിയും എനിക്കെതിരെ ഇത്തരത്തിലുള്ള നീക്കങ്ങൾ നടക്കുന്നുണ്ടെന്നും എനിക്ക് അറിവുകൾ ലഭിക്കുന്നുണ്ട്. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് വിവിധ കാര്യങ്ങളാണ് ഉന്നയിച്ചത്. ആദ്യം അദ്ദേഹം സൂചിപ്പിച്ച ഒരു കാര്യം പള്ളിക്കൽ അഗ്രോ മിൽസുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. പള്ളിക്കൽ അഗ്രോ മിൽസിൽ, അവർക്ക് അരി തിരിച്ചുകൊടുത്തു എന്നതാണ് അദ്ദേഹം ഉന്നയിച്ച ഒരു വിഷയം. അതുമായി ബന്ധപ്പെട്ട് ഇത് പിടിച്ചെടുത്ത ഉദ്യോഗസ്ഥയെ സ്ഥലം മാറ്റിയെന്നത് മറ്റൊരു ആരോപണമായി അദ്ദേഹം ഇവിടെ ഉന്നയിച്ചു. അന്ന് പള്ളിക്കൽ അഗ്രോ മിൽസിൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ അവിടെ മോശം അരിയാണ് കണ്ടെത്തിയത്. പൊതുവിതരണം നടത്താൻ സാധിക്കാത്ത മോശം ക്വാളിറ്റിയിലുള്ള അരി അവിടെ കണ്ടെത്തി. ഈ അരി അന്നത്തെ ഇ-ടെണ്ടറിൽ ക്വോട്ട് ചെയ്ത highest rate അവരിൽനിന്ന് ഈടാക്കുകയാണ് ചെയ്തത്. Highest rate ആയ 30,43,515 രൂപ ഈടാക്കി അവർക്ക് തിരിച്ചുകൊടുത്തു. അതേസമയംതന്നെ ഇക്കണോമിക് കോസ്റ്റെടുത്തും തിരിച്ചു കൊടുക്കാം. അത് 18,87,705 രൂപയാണ്. പക്ഷേ ഇത് കൃത്യമായിട്ടും ആ മാസത്തെ highest rate ഞങ്ങൾ അവരിൽനിന്ന് ഈടാക്കുകയാണ് ചെയ്തത്. അവർക്കെതിരെയുള്ള കേസ് ഞങ്ങൾ പിൻവലിച്ചിട്ടില്ല. ആ കേസ് ഇപ്പോഴും നടക്കുകയാണ്. അതുമാത്രമല്ല സപ്ലൈകോ ആ മില്ലുമായിട്ടുള്ള എല്ലാ ട്രാൻസാക്ഷൻസും നിർത്തലാക്കിയിരിക്കുകയാണ്. ഒരുരീതിയിലുള്ള നഷ്ടവും ഈ വിഷയവുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് ഉണ്ടായിട്ടില്ല.

ഇത് അന്വേഷിച്ച ശ്രീമതി ഗീത എന്ന റീജിയണൽ മാനേജരെ ഇതിന്റെ പേരിൽ മാറ്റിയെന്നാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. അവരുടെ അപേക്ഷപ്രകാരമാണ് അവരെ മാറ്റിയത്. 27/9-ൽ അവർ തന്ന അപേക്ഷ എന്റെ കൈവശമുണ്ട്. അവർ തന്ന അപേക്ഷ പ്രകാരം 10-ാം മാസത്തിൽ ഇവരെ മാറ്റി. ഇവിടെ റെയ്ഡ് നടത്തി പിടിച്ചതിന്റെ പേരിൽ ബോധപൂർവ്വം മാറ്റിയെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. അവരുടെ അപേക്ഷ പ്രകാര മാണ് അവരെ മാറ്റിയിരിക്കുന്നത്. കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് കൃത്യമായി സപ്ലൈകോവഴി പൊതുവിതരണത്തിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നതിൽ യാതൊരു പാകപ്പി ഴയും ഉണ്ടാകാൻ ഇടവരുത്തരുത് എന്നതുകൊണ്ട് കൂടുതൽ ഇൻസ്പെക്ഷൻ ടീമുകളെ ഞങ്ങൾ നിയോഗിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുമാസം മുമ്പാണ് ടീമു കളെ നിയോഗിച്ചത്. പാഡി മാർക്കറ്റിംഗ് ഓഫീസർ, ജൂനിയർ മാനേജർ, ആർ. ഐ. എന്നീ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഏഴ് ടീമുകൾ കേരളത്തിലെ വിവിധ ജില്ലകളിൽ, അതായത് മില്ലുകൾ പ്രവർത്തിക്കുന്ന ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ മാത്രമേ AWD-കൾ ഹോൾസെയിലുകളിലേയ്ക്ക് കുത്തരി കയറ്റിവിടാനുള്ള സാഹചര്യം ഒരുങ്ങുന്നുള്ളൂ. അതുകൊണ്ട് കൃത്യമായി ഇൻസ്പെക്ഷൻസും tighten ചെയ്ത് മുന്നോട്ട് പോകുകയാണ്. ഒരു രീതിയി ലുള്ള വീഴ്ചകളും ഉണ്ടാകാതെ ആ മേഖലയിൽ ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഇവിടെ ഫൈൻ അടച്ച് ഇത് തിരിച്ചുകൊടുത്തു എന്ന് പറയുമ്പോൾ 22-08

-2008 -ൽ അന്ന് കെ.കെ.ആർ. അഗ്രോ മിൽസിൽ, സപ്ലൈകോ ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡിൽ 5200 ക്വിന്റൽ അരിയുടെ കുറവുണ്ടായിരുന്നു. 5200 ക്വിന്റൽ അരിയുടെ കുറവുണ്ടായിരുന്നത് അന്ന് സപ്ലൈകോ ചെയ്തത് ഒന്നേകാൽ കോടി രൂപ അവരിൽനിന്ന് ഇതേപോലെ ഫൈൻ ഈടാക്കി. പക്ഷേ അവർ ആ മില്ലിനെതിരെയുള്ള കേസ് പിൻവലിച്ചു. ഞങ്ങൾ ഇവർക്കെതിരെ ഫൈൻ ഈടാക്കിയത് മാത്രമല്ല അവരുടെ കേസ് ഇപ്പോഴും നടക്കുകയാണ്. അന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടത് പ്രകാരം അന്ന് ജില്ലാ കളക്ടർക്ക് കൊടുത്ത ഗവൺമെന്റ് ഓർഡറാണ്. ആ കേസ് പിൻവലിക്കുവാൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചതാണ്. അതായത് 5200 ക്വിന്റൽ കുറവ് കണ്ടെത്തിയ ഒരു മില്ലിനെതിരെയുള്ള കേസ് പിൻവലിക്കുവാൻ അന്നത്തെ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. ഞാൻ പറഞ്ഞുവന്നത്, ഇത്തരത്തിലുള്ള സാഹചര്യങ്ങൾ, ഇതൊന്നും ആശാസ്യമായ കാര്യങ്ങളല്ല. ഇതിൽ സപ്ലൈകോയ്ക്ക് ഒരു രീതിയിലുള്ള നഷ്ടവും ഉണ്ടാവാതെയാണ് ഞങ്ങൾ ഈ വിഷയവുമായി മുന്നോട്ടുപോകുന്നതും ഒരു രീതിയിലുള്ള അപാകതയും കടന്നുകൂടാതെയുള്ള പരിശ്രമങ്ങളും എല്ലാ അർത്ഥത്തിലും ഞങ്ങൾ നടത്തുന്നുണ്ട്. ഇതിൽ ഞാൻ മന്ത്രിയായി വന്നതിനുശേഷം, കഴിഞ്ഞ 11 മാസത്തിനടയ്ക്ക് റെയിഡുകളുടെയും ഇൻസ്പെക്ഷൻസുകളുടെയും അടിസ്ഥാനത്തിൽ 92 എ.ആർ.ഡി.കൾ സസ്പെന്റ് ചെയ്തിട്ടുണ്ട്, രണ്ട് എ.ആർ.ഡി.കൾ ക്യാൻസൽ ചെയ്തു, പതിനൊന്ന് എ.ഡബ്ല്യു.ഡി.കൾ സസ്പെന്റ് ചെയ്തു, അതിൽ ഒരു ഹോൾസെയിൽ ഡിപ്പോ

ക്യാൻസൽ ചെയ്തിട്ടുണ്ട്. രണ്ട് കെറോസിൻ ഹോൾസെയിൽ ഡിപ്പോകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചത് ഞാൻ ഡിപ്പോ അനുവദിച്ചു, പിന്നെ ഇലക്ഷൻ ഫണ്ടിനെ സംബന്ധിച്ചുമൊക്കെയാണ്. ഇതെല്ലാം കേട്ടുള്ള അറിവാണ് അദ്ദേഹം ഇവിടെ പറയുന്നത്. ഞാൻ നേരത്തെയും ചോദിച്ചു. ഞാൻ ഏതെങ്കിലും ഒരു മൊത്ത വിതരണ കേന്ദ്രം അനുവദിച്ചതായി ....(ബഹളം)...

<u>മി. സ്പീക്കർ</u> : അദ്ദേഹം മറുപടി പറയട്ടെ.

<u>ശ്രീ. അനൂപ് ജേക്കബ്</u> : ഏതെങ്കിലും മൊത്തവിതരണ കേന്ദ്രം അനുവദിച്ചതായി ബഹുമാനപ്പെട്ട മെമ്പർക്ക് ഇവിടെ രേഖപ്പെടുത്താൻ സാധിക്കുമോ? ഞാനത് പല ആവർത്തി വ്യക്തമാക്കിയിട്ടുണ്ട്. എനിക്കെതിരെ കൊടുത്തിരിക്കുന്ന ആദ്യത്തെ വിജിലൻസ് പെറ്റീഷനിൽ പറഞ്ഞിരിക്കുന്നത് ഞാൻ മൊത്തവിതരണ കേന്ദ്രങ്ങൾ അനുവദിച്ചതിൽ അഴിമതികൾ ഉണ്ടെന്നുള്ളതാണ്. ഞാൻ ഒരു മൊത്ത വിതരണകേന്ദ്രവും അനുവദിച്ചിട്ടില്ല. അനുവദിച്ചാലല്ലേ അഴിമതി വരുന്നുള്ളു. ഒരെണ്ണംപോലും അനുവദിക്കാതെ അഴിമതി, അഴിമതി എന്നുപറയുന്നത് ബോധപൂർവ്വം എന്നെ കരിതേച്ച് കാണിക്കുവാനുള്ള പരിശ്രമങ്ങൾ വീണ്ടും വീണ്ടും ഓരോ മേഖലയിലും നടന്നുകൊണ്ടിരിക്കുകയാണ്.

കോട്ടയം ജില്ലാ സപ്ലൈ ഓഫീസറെ സ്ഥലം മാറ്റി എന്നുള്ളതാണ് ഇവിടെ അദ്ദേഹം ഉയർത്തിക്കാണിച്ച മറ്റൊരു വിഷയം. ഞാൻ നാലാം മാസം വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ഈ ഉദ്യോഗസ്ഥയ്ക്കെ

തിരെ ചില വിഷയങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് അഞ്ചാം മാസം ഈ ഉദ്യോഗസ്ഥയെ തൽസ്ഥാനത്തുനിന്നും മാറ്റി. അതിനുശേഷം ഇവർക്കെതിരെ 26-09-2012-ൽ ഡിസിപ്ലിനറി ആക്ഷൻ ഇനിഷ്യേറ്റ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെയുള്ള അന്വേഷണം നടക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളെടുക്കും. അവരുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണ്. ഞങ്ങൾക്ക് ആരേയും സംരക്ഷിക്കേണ്ട ആവശ്യമില്ല. എന്നാൽ സത്യസന്ധമായി അന്വേഷണം നടത്തി യാഥാർത്ഥ്യങ്ങൾ പുറത്തുകൊണ്ടുവരികയും വേണം. നമുക്ക് ആരേയും ഒരേരീതിയിൽ ഒരു പ്രതിക്കൂട്ടിൽ നിർത്താൻ നമുക്ക് സാധിക്കില്ല. ഇതിന്റെ ഫാക്ട്സും കാര്യങ്ങളും കൃത്യതയോടെ പുറത്തുവരണമെന്നുതന്നെയാണ് ഞാനും ആഗ്രഹിക്കുന്നത്. ഇവിടെ വിജിലൻസ് എൻക്വയറികളുടെ കാര്യം പറഞ്ഞു. ഞാൻ ആ എൻക്വയറികളെയെല്ലാം സ്വാഗതം ചെയ്യുകയാണ്. സത്യാവസ്ഥ പുറത്തുവരണം. ജനങ്ങളുടെ ഇടയിലുള്ള തെറ്റിദ്ധാരണ മാറണം. മാധ്യമങ്ങളിലൂടെയുള്ള പ്രചരണം വരുന്നത് സംബന്ധിച്ച് എത്രപേർക്ക് കോടതി നടപടികളെക്കുറിച്ച് അറിയാം; വിജിലൻസ് കോടതിയിൽ ഒരു പെറ്റീഷൻ കൊടുത്താൽ പ്രിലിമിനറി എൻക്വയറിക്ക് വിടുമെന്നുള്ള കാര്യം എത്രപേർക്കറിയാം, സി.ആർ.പി.സി.-യെക്കുറിച്ച് സാധാരണക്കാരായ എത്ര പേർക്ക് അറിയാം? മാധ്യമങ്ങളിൽ ഇത്തരം വാർത്തകൾ വരുമ്പോൾ സാധാരണക്കാരായ ആളുകൾക്കിടയിൽ തെറ്റിദ്ധാരണയുകുന്നു. മന്ത്രിക്കെതിരെ അന്വേഷണം- ഇതല്ലേ അവർ വായിക്കുന്നുള്ളൂ.

ബാക്കി എന്താണെന്നതിനെക്കുറിച്ച് അറിയാൻ ആർക്കും സാധിക്കുന്നില്ല. അപ്പോൾ ഇതിന്റെ ലക്ഷ്യം ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുക എന്നതാണെന്ന് ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുന്നു.......(ബഹളം)...... ഞാൻ പറഞ്ഞുകഴിഞ്ഞതിനുശേഷം ബഹളം വച്ചോളൂ. പിന്നെയുള്ളത് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ് ഇവിടെ പറഞ്ഞത്. തൃക്കാക്കരയുമായി ബന്ധപ്പെട്ട് ശ്രീമതി ശ്രീകല എന്ന സബ് രജിസ്ട്രാറുടെ വിഷയമാണ് ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ചത്. ഇതിനുമുമ്പ് ബില്ലിന്റെ ചർച്ചാവേളയിൽ ശ്രീ. എം. ഹംസ ഈ വിഷയം പരാമർശിച്ചപ്പോൾ മറുപടി പറഞ്ഞതാണ്. എങ്കിലും ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതുകൊണ്ട് വീണ്ടും ആവർത്തിക്കാം. കേട്ടുകേൾവിയാണ് അദ്ദേഹം ഇവിടെയും ആവർത്തിച്ചിരിക്കുന്നത്. ശ്രീമതി ശ്രീകല എന്ന ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്യുകയും അതിനുശേഷം അവരെ സസ്പെന്റ് ചെയ്തതിന്റെ പേരിൽ അന്നത്തെ ഐ. ജി ശ്രീ. വിവേകാനന്ദനെ മാറ്റി എന്നുള്ളതായിരുന്നു ശ്രീ. ആർ രാജേഷും ശ്രീ. എം. ഹംസയും ഇവിടെ ഉന്നയിച്ച ആരോപണം. ശ്രീമതി ശ്രീകല എന്ന ഉദ്യോഗസ്ഥയെ 07-04-2012-ൽ സസ്പെന്റ് ചെയ്ത അതേ ഐ. ജി. തന്നെയാണ് അവരെ 12-06-2012-ൽ അവരെ തിരിച്ച് ഡിപ്പാർട്ടുമെന്റിൽ റീ-ഇൻസ്റ്റേറ്റ് ചെയ്തതും. ഈ രണ്ട് കാര്യങ്ങളും ചെയ്തത് ഒരു ഐ.ജി. തന്നെയാണ്. ഈ ഐ.ജി. യെ മാറ്റി പുതിയ ഐ.ജി. യെ നിയമിച്ച് ഈ ഉദ്യോഗസ്ഥയെ തിരിച്ചെടുത്തു എന്നുപറയുന്നത് നീതിക്ക് നിരക്കുന്ന കാര്യങ്ങളല്ല. അതിനോടൊപ്പംതന്നെ ശ്രീമതി ശ്രീകല, സബ് രജി

സ്ട്രാർ ശ്രീ. ദാമോദരനുൾപ്പെടെയുള്ളവരെക്കുറിച്ചൊക്കെ ഡിപ്പാർട്ടുമെന്റുതലത്തിൽ അന്വേഷണം നടക്കുന്നുണ്ട്. ഇവിടെ പറഞ്ഞ വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുമ്പോൾ അതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നുണ്ട്. എൻക്വയറിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. സബ് രജിസ്ട്രാർ ശ്രീ. ദാമോദരൻ സസ്പെൻഷനിലായിരുന്ന സന്ദർഭത്തിൽ രജിസ്ട്രേഷൻ ഐ.ജി.ക്ക് നൽകിയ നിവേദനപ്രകാരം 03-08-2012-ന് ശ്രീ. ദാമോദരനെ രജിസ്ട്രേഷൻ ഐ.ജി. നേരിൽ കേട്ടു. സർവ്വീസിൽനിന്ന് വിരമിക്കാൻ മാസങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലും ഇയാൾ പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിലും ശ്രീ. ദാമോദരന്റെ ശിക്ഷാനടപടികൾ സംബന്ധിച്ച് തുടർ നടപടികൾക്ക് വിഘാതം വരാത്ത വിധത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് 23-08-2012-ൽ രജിസ്ട്രേഷൻ ഐ.ജി. ഉത്തരവിട്ടു. ഇദ്ദേഹത്തിനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾക്കനുസൃതമായി അന്വേഷണം നടക്കുകയാണെന്നും കുറ്റകൃത്യങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കഠിനശിക്ഷ നൽകണമെന്നും 29-11-2012-ൽ രജിസ്ട്രേഷൻ ഐ.ജി. ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ ആരേയും സംരക്ഷിക്കുന്ന യാതൊരു നിലപാടും എടുത്തിട്ടില്ല. ഇതൊന്നും പോരാതെ 28-02-2013-ൽ 1960-ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങളിലെ ചട്ടം (15) പ്രകാരം കോഴിക്കോട് ഉത്തര മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഐ.ജി. ശ്രീ. പി. ചന്ദ്രനെ എൻക്വയറി ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. സർക്കാർ ഫയലിന്റെ പരിശോധനാ വേളയിൽ ശ്രീ. ദാമോദരനെതി

രായ ആക്ഷേപങ്ങൾ സംബന്ധിച്ച് ഫയൽ ഒരിക്കൽപോലും എന്റെ മുമ്പിൽ വന്നിട്ടില്ല. ശ്രീ. ദാമോദരന്റെ പത്നി എനിക്കും സുതാര്യ കേരളത്തിലും പരാതി നൽകിയിരുന്നു. ഈ പരാതി ഉന്നയിച്ച ആളും കൊടുത്തു. അതിൽ പരിശോധിക്കാം എന്ന് മിനിട്ട്സ് ഇടാമെന്നല്ലാതെ ആ മേഖലയിലേയ്ക്ക് ഞാൻ കടന്നുചെന്നിട്ടില്ല. സസ്പെൻഷനിലുള്ള ആളിന് കുറ്റാരോപണ മെമ്മോ നൽകിയശേഷം അയാളെ നേരിൽകേട്ടതിനുശേഷം അച്ചടക്ക നടപടികളുടെ പൂർത്തീകരണത്തിനും അന്തിമതീരുമാനത്തിനും വിധേയമായതിനുശേഷം സർവ്വീസിൽ തിരിച്ചെടുത്ത ഒരു നടപടിക്രമം മാത്രമാണിവിടെ നടന്നിട്ടുള്ളത്. രജിസ്ട്രേഷൻ ഐ.ജി. യുടെ സ്ഥാനമാറ്റത്തെക്കുറിച്ചുള്ളതാണ് രണ്ടാമത്തെ കാര്യം. ഇതിന്റെ Hierarchy പരിശോധിച്ചുനോക്കിയാൽ 1992 മുതൽ 2012 വരെയുള്ള 20 വർഷക്കാലയളവിൽ മൊത്തം 14 ഐ.ജി മാർ രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതല വഹിച്ചിട്ടുണ്ട്. ഈ 14 പേരിൽ 12 പേരും ഐ.എ.എസ്.-കാരായിരുന്നു. 2006-2011 കാലയളവിൽ നോൺ-കേഡർ ഐ.ജി. സേവനമനുഷ്ഠിച്ചിട്ടുണ്ട്. നോൺ-കേഡറിൽപ്പെട്ട ഉദ്യോഗസ്ഥനെ സ്ഥാനഭ്രഷ്ടനാക്കി എന്ന തരത്തിലുള്ള വിവാദങ്ങൾ ഉണ്ടാക്കുന്നതിലേയ്ക്കാണ് വരുന്നത്. ഇതിന്റെ പിന്നിൽ ദുരുദ്ദേശങ്ങളുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ പ്രചരിപ്പിക്കുന്നതിന്റെ പിന്നിലുള്ള ലക്ഷ്യവും മറ്റെന്തെങ്കിലുമായിരിക്കാം. നിലവിലുള്ള ഐ.ജി. യുടെ സർവ്വീസും പശ്ചാത്തലവും നിങ്ങൾക്ക് പരിശോധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ ഉന്നയിക്കാം. ഇത്തരത്തിൽ ആക്ഷേപങ്ങൾ ഉന്നയി

ക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷണങ്ങൾ നടക്കുന്നുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ നടപടികൾ സ്വീകരിക്കും. മറ്റൊരു കാര്യം പറയാനുള്ളത്, വഴിവിട്ട ഇടപാടുകളിലൂടെ മന്ത്രി 27 കോടി രൂപയുടെ അഴിമതി നടത്തിയിരിക്കുന്നു എന്നാണ് ശ്രീ. റ്റി.വി. രാജേഷ് ഉന്നയിച്ചിരിക്കുന്നത്. പ്രിയ രാജേഷേ, ഈ ആരോപണം അങ്ങേയ്ക്ക് തെളിയിക്കാമെങ്കിൽ ഞാനെന്റെ പൊതുപ്രവർത്തനം അവസാനിപ്പിക്കാം. അല്ലെങ്കിൽ താങ്കൾ പൊതുപ്രവർത്തനം അവസാനിപ്പിക്കാൻ തയ്യാറാകുമോ? ........(ബഹളം).......... അദ്ദേഹം ഉന്നയിച്ചിരിക്കുന്ന ഈ വിഷയങ്ങൾ..........................(ബഹളം).............

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. അനൂപ് ജേക്കബ്, അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പറഞ്ഞത്. ഈ വിഷയം സംബന്ധിച്ച് ഒരന്വേഷണം നടത്തട്ടെ. ഒരു ജുഡീഷ്യൽ എൻക്വയറി നടത്തട്ടെ. അല്ലാതെ ഇതിന്റെ സത്യാവസ്ഥ എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഉന്നയിച്ച ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലായെന്ന് പറഞ്ഞ് നിഷേധിക്കണ്ടേ; അത് നിഷേധിക്കുന്നില്ല. ആരോപണം നിഷേധിക്കാതിരിക്കുന്നിടത്തോളംകാലം ഇത് സംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്തി സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ

കാര്യത്തെ കുറിച്ച് വളരെ ഗൗരവത്തോടുകൂടി ഞാൻ പറയുകയാണ്. ശ്രീ. അനൂപ് ജേക്കബ് ഇവിടെ പ്രസ്താവിച്ചപ്പോൾ ...............

ശ്രീ. വി. എസ് അച്ചുതാനന്ദൻ: സർ, ശ്രീ. അനൂപ് ജേക്കബ് ഇവിടെ പറയുന്നത് ഞങ്ങളെ വിശ്വസിക്കണം എന്നാണ്. പക്ഷേ എങ്ങനെ വിശ്വസിക്കും; സകാരണം അഴിമതി ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. അഴിമതി ആക്ഷേപത്തിന് അടിസ്ഥാനമില്ലെങ്കിൽ ഞാനത് നിഷേധിക്കുന്നു എന്ന് ശക്തമായ നിലയിൽ പറയണ്ടേ;

മി. സ്പീക്കർ: അത് പറഞ്ഞു.

ശ്രീ. വി. എസ് അച്ചുതാനന്ദൻ: അത് പറയാൻ തയ്യാറാകാതെ തത്പര കക്ഷികൾ എന്തെല്ലാമോ പറയുന്നു എന്ന് പറഞ്ഞാൽ മതിയാകുമോ; അഴിമതിയെ സംബന്ധിച്ച് എന്ത് പറയുന്നു; അഴിമതിയെ സംബന്ധിച്ചുള്ള ആരോപണം ശക്തമായി നിഷേധിക്കാതിരിക്കുന്നിടത്തോളംകാലം ജുഡീഷ്യൽ എൻക്വയറി അത്യാവശ്യമാണ്. അത് നടത്താൻ തയ്യാറുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, ഒരു അഴിമതി ആരോപണം വന്നുകഴിഞ്ഞാൽ അതിന് മറുപടി പറഞ്ഞുകഴിയുമ്പോൾ prima-facie കേസുപോലുമില്ലായെന്ന് വ്യക്തമായ സ്ഥിതിക്ക് എന്തിനാണ് അന്വേഷണം നടത്തുന്നത്?......(ബഹളം).........

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ എന്റെ പ്രസംഗം തുടങ്ങിയപ്പോൾ തന്നെ ഇത് നിഷേധിച്ചു. ഈ അഴിമതി ആരോപണം നിഷേധിച്ചുകൊണ്ടുതന്നെയാണ് ഞാനെന്റെ പ്രസംഗത്തിലേയ്ക്ക് കടന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഒരു ജുഡീഷ്യൽ എൻക്വയറി നടത്താതെ ഈ തത്പരകക്ഷികളെക്കുറിച്ച് അറിയാൻ കഴിയുമോ; ആരാണ് ഈ തത്പരകക്ഷികൾ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ എഴുതിത്തന്നിരിക്കുന്ന കാര്യങ്ങളെക്കുറിച്ചെല്ലാം പല ഘട്ടങ്ങളിലായി പറഞ്ഞു കഴിഞ്ഞു. ഇതിനെ സംബന്ധിച്ചുള്ള മൂന്ന് കേസുകളിലാണ് തൃശ്ശൂർ വിജിലൻസ് കോടതി പ്രിലിമിനറി എൻക്വയറി ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറില്ല എന്നാണ് ഈ തടസ്സവാദങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഈ വിഷയം സംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറുണ്ടോ; തയ്യാറാകണം. ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറാകാത്ത ഗവൺമെന്റ് നയത്തെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് മറുപടി പറഞ്ഞുകഴിഞ്ഞോ?

ശ്രീ. അനൂപ് ജേക്കബ്: മറുപടി പറഞ്ഞുകഴിഞ്ഞു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ കേസ്സുകളെല്ലാം തൃശ്ശൂർ വിജിലൻസ് കോടതിയിൽ നൽകിട്ടുള്ളതാണ്. വിജിലൻസ് കോടതി അന്വേഷണത്തിന് ഉത്തരവിട്ടിരിക്കു

കയാണ്. ഒരന്വേഷണം നടക്കുന്നതിനുപുറത്ത് മറ്റൊരന്വേഷണംകൂടി ഒരു കേസിന്മേൽ നടത്താൻ കഴിയില്ല. അതാണ് നമ്മുടെ സി.ആർ.പി.സി.-യിലെയും ഭരണഘടനയിലേയും വ്യവസ്ഥ. ഈ രണ്ട് വ്യവസ്ഥകൾ ഉള്ളതുകൊണ്ട് വിജിലൻസ് കോടതിയുടെ അന്വേഷണം നടക്കട്ടെ. ആ അന്വേഷണം നടന്നതിനുശേഷം അറിയാമല്ലോ. അതിന്മേൽ തിരക്കിട്ട് ഒരഭിപ്രായപ്രകടനം നടത്തി പ്രതിപക്ഷം ഇറങ്ങിപ്പോയത് ശരിയല്ല. യഥാർത്ഥത്തിൽ വിജിലൻസ് കോടതി ഉത്തരവിട്ടതിൻപ്രകാരം അന്വേഷണം നടക്കുന്നുണ്ട്. ആ അന്വേഷണ റിപ്പോർട്ട് വരുമ്പോൾ കാര്യങ്ങളെല്ലാം വ്യക്തമാകും.

<u>മി. സ്പീക്കർ</u>: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.20 -ന് പിരിഞ്ഞു)

*************